പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

## പത്താമത് റിപ്പോർട്ട്

(2013 ഫെബ്രുവരി 18-ാം തീയതി സമർപ്പിച്ചത്)

2009-ലെ The Right of Children to Free and Compulsory Education Act-ൻകീഴിൽ പുറപ്പെടുവിച്ച 291/2011, 204/2012, 205/2012, 412/2012 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സംബന്ധിച്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**പത്താമത് റിപ്പോർട്ട്**

(2013 ഫെബ്രുവരി 18-ാം തീയതി സമർപ്പിച്ചത്)

2009-ലെ The Right of Children to Free and Compulsory Education Act-ൻകീഴിൽ പുറപ്പെടുവിച്ച 291/2011, 204/2012, 205/2012, 412/2012 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സംബന്ധിച്ച്

258/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 23 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. എം. ഉമ്മർ.

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദ്യാഭ്യാസ മേഖലയ്ക്ക് കേരളം നൽകുന്ന പ്രാധാന്യം കണക്കിലെടുത്ത് പുതിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് അർഹിക്കുന്ന കേന്ദ്രസഹായം ഉറപ്പുവരുത്തുന്നതിനായി നടപടികൾ ത്വരിതപ്പെടുത്തേണ്ടത് ആവശ്യ മാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 2009-ലെ The Right of Children to Free and Compulsory Education Act-ൻകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളായ 291/2011- ാം നമ്പർ എസ്. ആർ. ഒ. യും, 204/2012, 205/2012, 412/2012 എന്നീ നമ്പർ എസ്. ആർ. ഒ.-കളും സമിതി സൂക്ഷ്മപരിശോധനയ്ക്കും വിശദമായ പഠനത്തിനും വിധേയമാക്കിയത്. 14-8-2012-നു തിരുവനന്തപുരത്തു ചേർന്ന യോഗത്തിൽ ചട്ടങ്ങളിലെ പോരായ്മകൾ സംബന്ധിച്ചും നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി എങ്ങനെ നടപ്പാക്കാം എന്നതു സംബന്ധിച്ചും സമിതി നിയമം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പു സെക്രട്ടറിമാരുമായി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ എന്നു വിലയിരുത്തുന്നതിനും പ്രായോഗിക തലത്തിൽ പോരായ്മകൾ അനുഭവപ്പെടുന്നുണ്ടോ യെന്നു വിലയിരുത്തുന്നതിനും ബന്ധപ്പെട്ട വകുപ്പുകളായ പൊതുവിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, പൊതു പ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ ആരായുന്നതിനുമായി സമിതി മലപ്പുറം ജില്ലയിൽ യോഗം ചേരുക യുണ്ടായി. ഈ വിഷയത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സമിതി നടത്തിയ തെളിവെടുപ്പു യോഗങ്ങളിൽ ഹാജരായി സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയ ഉദ്യോഗസ്ഥൻമാരുടെയും നിവേദനങ്ങൾ സമർപ്പിച്ചവരുടെയും പേരുവിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

2013 ഫെബ്രുവരി 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2013 ഫെബ്രുവരി 18.

## റിപ്പോർട്ട്

## The Right of Children to Free and Compulsory Education Act, 2009 (Central Act 35 of 2009)-ൻകീഴിൽ പുറപ്പെടുവിച്ച 291/2011, 204/2012, 205/2012, 412/2012 എന്നീ എസ്.ആർ.ഒ. നമ്പർ-കൾ സംബന്ധിച്ച്

ഏതൊരു നാടിന്റെയും സാമൂഹ്യപുരോഗതിക്ക് അടിത്തറയേകുന്ന പ്രധാനഘടകം വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസം സാർവത്രികമാക്കുക വഴി ഇന്ത്യൻ ഭരണകൂടം ലക്ഷ്യമിടുന്നത് സമസ്തമേഖലകളിലെ ജനവിഭാഗങ്ങളുടെ പുരോഗതിയും അതുവഴി രാഷ്ട്രത്തിന്റെ അഭിവൃദ്ധിയുമാണ്. ആറു വയസു മുതൽ പതിനാല് വയസുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുന്ന 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം [The Right of Children to Free and Compulsory Education Act, 2009 (Central Act 35 of 2009)] എന്ന കേന്ദ്രനിയമം സ്വതന്ത്ര ഭാരതത്തിലെ ഒരു സുപ്രധാന കാൽവയ്പ്പാണ്. വിദ്യാഭ്യാസം സാർവത്രികമാക്കുക മാത്രമല്ല, മറിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുകവഴി പൗരബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുകകൂടി അതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. കുട്ടികളുടെ വിദ്യാഭ്യാസം അവരുടെ രക്ഷിതാക്കളുടെ മാത്രം ബാധ്യതയായിരുന്ന സ്ഥിതിയിൽനിന്നും അത് സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും കൂടെ ഉത്തരവാദിത്തമായി മാറ്റുക എന്നത് ഈ നിയമത്തിലൂടെ പ്രാവർത്തികമാവുകയാണ്.

2. ഇന്ത്യയുടെ ചരിത്രത്തിലെ പ്രധാന നാഴികക്കല്ലെന്ന് വിശേഷിപ്പിക്കാവുന്ന ഈ നിയമം നടപ്പാക്കുകവഴി ഇന്ത്യയുടെ വികസനത്തിൽ പ്രധാന പങ്കുവഹിക്കുവാൻ പ്രാപ്തമായ ഒരു മാനവവിഭവശേഷി വികസിപ്പിക്കുന്നതിന് സഹായകമാകുമെന്നതു നിശ്ചയമാണ്. സാമൂഹ്യപുരോഗതിയുടെ ഒരു പ്രധാന സൂചികയായി കരുതപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുകവഴി ലോകരാഷ്ട്രങ്ങളുടെ ഇടയിൽത്തന്നെ മനുഷ്യവിഭവശേഷിയുടെ കാര്യത്തിൽ ഇന്ത്യ ആദ്യസ്ഥാനങ്ങളിലേക്ക് ഉയർത്തപ്പെടണമെന്ന ഉൾക്കാഴ്ചകൂടി ഈ നിയമനിർമ്മാണത്തിന്റെ പിന്നിലുണ്ട്. ഈ നിയമം സാർത്ഥകമായ രീതിയിൽ ഇന്ത്യയിൽ ഉടനീളം നടപ്പാക്കുകയെന്നത് അതിനാൽത്തന്നെ ഓരോ സംസ്ഥാനത്തിന്റെയും കടമയാണ്.

3. 2010 ഏപ്രിൽ ഒന്നുമുതൽ നിലവിൽവന്ന ഈ കേന്ദ്രനിയമം കേരളത്തിൽ 2011 മേയ് 6 മുതലാണ് പ്രാബല്യത്തിൽ കൊണ്ടുവന്നത്. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ പൊതുവിദ്യാഭ്യാസരംഗത്ത് വിസ്മയകരവും അസൂയാവഹവുമായ നേട്ടമാണ് കേരളം ഇതിനോടകം കൈവരിച്ചിട്ടുള്ളത്. ഈയൊരു നിയമത്തിന്റെ പിൻബലത്തിൽ കൂടുതൽ ഗുണമേന്മയുള്ള അടിസ്ഥാനവിദ്യാഭ്യാസം ഉറപ്പുവരുത്താനും ചില മേഖലകളിലെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കേരളത്തിനു കഴിയണം.

4. കേരള സംസ്ഥാനം, എന്നും, വിദ്യാഭ്യാസമേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടുണ്ട്. ഈ വസ്തുത കണക്കിലെടുത്തും വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഉതകുന്ന വിധത്തിൽ തയ്യാറെടുപ്പുകൾ നടത്താനും നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ കാലതാമസം നേരിടരുതെന്നുമുള്ള ഉദ്ദേശ്യത്തോടും കൂടിയാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളായ എസ്. ആർ. ഒ. നമ്പർ 291/2011-ഉം (The Kerala Right of Children to Free and Compulsory Education Rules, 2011) മറ്റ് എസ്. ആർ. ഒ.-കളായ 204/2012, 205/2012, 412/2012 എന്നിവയുടെയും സൂക്ഷ്മപരിശോധന നടത്താനും അതേത്തുടർന്ന് നിയമം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക ബുദ്ധിമുട്ടുകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും ശ്രമിച്ചത്.

5. പ്രാരംഭനടപടിയായി സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14), 14-8-2012-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പു സെക്രട്ടറിമാരിൽനിന്നും പ്രസ്തുത ആക്ടിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള എസ്. ആർ. ഒ.-കളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ടും നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനെക്കുറിച്ചും വിശദമായി ചർച്ചചെയ്യുകയുണ്ടായി. ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതും കേരള ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ളതുമായ തരത്തിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക എന്നതാണ് കേരളം ഇക്കാര്യത്തിൽ അവലംബിക്കേണ്ട പ്രധാനഘടകം എന്ന് സമിതി തദവസരത്തിൽ അഭിപ്രായപ്പെട്ടു. കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസത്തിൽ സംസ്ഥാന സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉത്തരവാദിത്തം ഉള്ളതിനാൽ സർക്കാർ ഈ അവസരത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെ സംബന്ധിച്ചും സമിതി വിശദമായി ചർച്ച ചെയ്തു. ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റിയുടെ ചുമതലകൾ, അദ്ധ്യാപകരുടെ കർത്തവ്യങ്ങൾ, സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയെക്കുറിച്ച് പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറിയുമായി വിശദമായി ചർച്ച ചെയ്യുകയും കേരളത്തിന് അനുയോജ്യമായ രീതിയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ അതിനായി കേന്ദ്രസർക്കാരുമായി ചർച്ച നടത്തണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി.

6. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ രൂപീകരണത്തെ സംബന്ധിച്ച ചോദ്യത്തിന്, സർക്കാർ സ്കൂളുകളിൽ എല്ലാം അത്തരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും എയ്ഡഡ് മൈനോരിറ്റി സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് ഒരു അഡ്വൈസറി റോൾ മാത്രം മതിയെന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. സ്കൂളിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുക, സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുക, സർക്കാരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്കൂളിന് ലഭിക്കുന്ന ഗ്രാന്റ് ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിന് മേൽനോട്ടം വഹിക്കുക എന്നിവയാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രധാന ചുമതലകളെന്നും അത് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണെന്നും കമ്മിറ്റിയുടെ ഘടന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, സ്കൂളിലെ കുട്ടികളുടെ മാതാപിതാക്കൾ/രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവർ ഉൾപ്പെട്ടതാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളെന്നും ആയതിനാൽ സ്കൂളിന്റെ സമഗ്രവികസനത്തിന് മാതാപിതാക്കളുടെ/രക്ഷിതാക്കളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാൻ കഴിയുമെന്നും സെക്രട്ടറി വിശദീകരിച്ചു.

7. എലിമെന്ററി എഡ്യൂക്കേഷൻ 1 മുതൽ 8-ാം ക്ലാസ്സുവരെ എന്നത് നോഷണലായി ചെയ്താൽ മതി എന്നത് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും നിലവിൽ സംസ്ഥാനത്തെ എല്ലാ കുട്ടികളും 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നുണ്ടെന്നും ആയതിനാൽ ആക്ട് നിഷ്കർഷിക്കുന്ന രീതിയിലുള്ള ഘടനാപരമായ മാറ്റം സംസ്ഥാനത്ത് വരുത്തേണ്ടതില്ലെന്നും നിലവിലുള്ള സംവിധാനം തുടരാനാണ് ഉദ്ദേശിക്കുന്നതെന്നും കേന്ദ്രസർക്കാരുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

8. കേന്ദ്രസർക്കാരിന്റെ മോഡൽ റൂൾസ് അനുസരിച്ചാണ് സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കിയതെന്നും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി ചട്ടത്തിൽ വേണ്ടത്ര മാറ്റങ്ങൾ വരുത്തിയിട്ടില്ലെന്നും, പ്രസ്തുത ചട്ടത്തിൽ കാതലായ പല മാറ്റങ്ങളും വരുത്തേണ്ടതുണ്ടെന്നും അതിനുള്ള നടപടികൾ ആരംഭിച്ചിട്ടേയുള്ളൂവെന്നും 2013 ഏപ്രിൽ മാസത്തിന് മുമ്പ് ചട്ടങ്ങൾ പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ടെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതിയോടു വിശദീകരിച്ചു.

9. കേന്ദ്ര മോഡൽ റൂളിൽ ഒരു കിലോമീറ്ററിനകത്ത് എൽ. പി. സ്കൂളും മൂന്ന് കിലോമീറ്ററിനകത്ത് യു. പി. സ്കൂളും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത വ്യവസ്ഥ സംസ്ഥാന ചട്ടങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ സംസ്ഥാനത്തെ നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത വ്യവസ്ഥയുടെ ആവശ്യകത സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശമുണ്ടെന്നും താരതമ്യേന മെച്ചപ്പെട്ട റോഡുകളും ഗതാഗതസൗകര്യങ്ങളുമുള്ള കേരളത്തിൽ ആവശ്യത്തിന് ഗതാഗതസൗകര്യം ഏർപ്പെടുത്തിക്കൊണ്ട് ദൂരപരിധി കുറച്ചുകൂടി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതായും സെക്രട്ടറി സമിതിയെ അറിയിച്ചു.

10. ചട്ടം 8(7) പ്രകാരം എ. ഇ. ഒ. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയും അടിസ്ഥാനസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടികളൊന്നും സ്വീകരിക്കാത്തതാണോ പരിശോധനാ സംവിധാനം കാര്യക്ഷമമാകാത്തതിനുള്ള കാരണമെന്ന് സമിതി ആരാഞ്ഞതിന് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുതുക്കിയതുവഴി നേരത്തെയുണ്ടായിരുന്ന പല പ്രശ്നങ്ങളും ഇപ്പോൾ പരിഹരിക്കപ്പെട്ട അവസ്ഥയുള്ളതിനാൽ എ. ഇ. ഒ., ഡി. ഇ. ഒ. എന്നീ തസ്തികയിലുള്ള ഓഫീസർമാർക്ക് പരിശോധനാ സംവിധാനം കുറച്ചുകൂടി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി.

11. കേരള ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന മലപ്പുറം ജില്ലയിൽ സമിതി 4-12-2012-ന് യോഗം ചേരുകയും വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയും ജില്ലയിലെ വിദ്യാഭ്യാസ പ്രവർത്തകർ, പൊതുജനങ്ങൾ, പി.ടി.എ. പ്രതിനിധികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽനിന്നും നിവേദനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ സ്വീകരിക്കുകയുമുണ്ടായി. തദവസരത്തിൽ ജില്ലയിൽ നിലവിലുള്ള സ്കൂളുകളുടെ വിശദാംശം സംബന്ധിച്ചും പുതുതായി ജില്ലയിൽ സ്കൂളുകൾ ആരംഭിക്കേണ്ടതും അപ്ഗ്രേഡ് ചെയ്യേണ്ടതും എവിടെയെല്ലാം എന്നത് സംബന്ധിച്ചുള്ള

വിവരം പൊതുവിദ്യാഭ്യാസവകുപ്പ് അധികൃതരും അംഗവൈകല്യമുള്ള കുട്ടികളെക്കുറിച്ച് തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ പട്ടികയും സമിതിക്ക് നൽകുകയുണ്ടായി. ജില്ലയിലെ സ്കൂളുകളിൽ 127 ജനറൽ ടോയ്‌ലറ്റുകളും പെൺകുട്ടികൾക്കായി 205 ടോയ്‌ലറ്റുകളും നിർമ്മിച്ചുകൊടുത്തുവെങ്കിലും എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് ആനുപാതികമായ ടോയ്‌ലറ്റ് സൗകര്യമില്ലെന്നും എയ്ഡഡ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കേണ്ട ചുമതല ബന്ധപ്പെട്ട സ്കൂൾ മാനേജർമാർക്കായതിനാൽ അതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മലപ്പുറം ഡി.ഇ.ഒ. സമിതി മുമ്പാകെ വ്യക്തമാക്കുകയുണ്ടായി. എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചുവെന്നും 'ശിക്ഷാ കാ ഹഖ് അഭിയാൻ' കാമ്പയിനിന്റെ ഭാഗമായി അവർക്ക് പരിശീലനം നൽകിയെന്നും സ്കൂൾ വികസനപദ്ധതി (SDP) തയ്യാറാക്കുന്നുണ്ടെന്നും വിദ്യാഭ്യാസവകുപ്പധികൃതർ സമിതി മുമ്പാകെ പറഞ്ഞുവെങ്കിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചുകഴിഞ്ഞെങ്കിലും അവ യോഗം ചേരുന്നതിനുള്ള നിർദ്ദേശം ഇതുവരെ ലഭിച്ചിട്ടില്ലെന്ന് തെളിവെടുപ്പുയോഗത്തിൽ ഹാജരായ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ സമിതിയെ ധരിപ്പിച്ചു. നിലവിൽ പി.ടി.എ.-ക്കും എസ്.എം.സി.-ക്കും രണ്ടധികാരമാണുള്ളതെന്നും അവർ വ്യക്തമാക്കി.

12. സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എസ്. എസ്. എ. ഫണ്ട്, എം. എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് വിദ്യാലയങ്ങളിൽ പുതിയ ബെഞ്ചും ഡെസ്കും നിർമ്മിക്കുകയും രണ്ടാം ക്ലാസ്സ് മുതൽ എട്ടാംക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങളും രണ്ട് സെറ്റ് യൂണിഫോമും വിതരണം ചെയ്യുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ഹെഡ്മാസ്റ്റർമാർക്കും എസ്.എം.സി. അംഗങ്ങൾക്കും പുതിയ നിയമത്തെക്കുറിച്ച് പരിശീലനം നൽകുകയും പഠനനിലവാരം വിലയിരുത്തുന്നതിനായി വിദ്യാർത്ഥികൾക്ക് ഇവാല്യൂവേഷൻ പ്രൊഫൈൽ നൽകുകയും ചെയ്തിട്ടുണ്ടെന്ന് ജില്ലാ ഡി.ഡി.ഇ. സമിതിയെ അറിയിച്ചു.

13. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 4-ാം ക്ലാസ്സിലെയും 7-ാം ക്ലാസ്സിലെയും കുട്ടികളുടെ പഠനശേഷി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചോദ്യാവലി തയ്യാറാക്കി എൽ.പി., യു.പി. സ്കൂളുകളിലെ അദ്ധ്യാപകർക്ക് എസ്.എസ്.എ.-യുടെ സാമ്പത്തിക സഹായത്തോടെ ആവശ്യമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെന്നും ഡി.ഇ.ഒ. അറിയിച്ചു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി 'വിജയഭേരി' എന്ന പദ്ധതി തയ്യാറാക്കി വിവിധ വിഷയങ്ങളിൽ കുട്ടികൾ നേരിടുന്ന പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം നടത്താറുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

14. കൗമാരക്കാരായ കുട്ടികൾ നേരിടുന്ന മാനസിക ശാരീരിക സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിന് കൗൺസിലിംഗ് നടത്തുന്നതിനായി 'ഹെൽപ്പ് ഡെസ്ക്' തയ്യാറാക്കിയിട്ടുണ്ടെന്ന് ജില്ലാ ഡയറ്റ് ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. എന്നാൽ ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്കു വേണ്ടി പുതിയ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

15. തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളിൽ വച്ചുനടത്തിയ തെളിവെടുപ്പു യോഗങ്ങളിൽ നിന്നും സമിതിക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങളും സമിതിയുടെ നിഗമനങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു:

16. The Kerala Right of Children to Free and Compulsory Education Rules, 2011-ന്റെ ചട്ടം 1(2)-ൽ "They shall come into force on the date of this notification at once" എന്നു പറഞ്ഞിരിക്കുന്നു. "on the date of this notification" എന്നതും "at once" എന്നതും ഒരുമിച്ച് ഉപയോഗിക്കുന്നതിൽ ഔചിത്യക്കുറവുള്ള തിനാൽ "at once" എന്ന വാക്കുകൾ നീക്കം ചെയ്യാൻ സമിതി ശുപാർശ ചെയ്യുന്നു.

17. ചട്ടം 2(1)(d)-ൽ "Anganwadi" എന്നതിനെ നിർവ്വചിച്ചിരിക്കുന്നതിലെ "Integrated Child Development Scheme" എന്നത് " Integrated Child Development Services Scheme" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. ചട്ടം 2(1)(s), ചട്ടം 23 (1) എന്നിവയിലെ "The Commission for Protection of Child Rights Act, 2005" എന്നത് "The Commissions for Protection of Child Rights Act, 2005" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. ആക്ടിലെ 21(1) വകുപ്പുപ്രകാരം 2(n)(iv) വകുപ്പിൽ പറഞ്ഞിരിക്കുന്ന സ്കൂൾ ഒഴികെയുള്ള സ്കൂളുകളിൽ, അതായത് അൺഎയ്ഡഡ് സ്കൂൾ ഒഴികെയുള്ള സ്കൂളുകളിൽ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ (എസ്.എം.സി.) രൂപീകരി ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാന ചട്ടങ്ങളിൽ ചട്ടം 3(1)-ൽ പറഞ്ഞിരിക്കുന്നത് ആക്ടിലെ 21(1) വകുപ്പു പ്രകാരം 2(n)(i) വകുപ്പിൽ പറഞ്ഞിരിക്കുന്ന സ്കൂളുകളിൽ അതായത് ഗവൺമെന്റ് സ്കൂളുകളിൽ മാത്രമാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടത് എന്നാണ്. ആയതിൽ 2(n)(ii) വകുപ്പു പ്രകാരമുള്ള എയ്ഡഡ് സ്കൂളുകളെയും 2(n)(iii) വകുപ്പു പ്രകാരമുള്ള സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകളെയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ആയതിന് വകുപ്പധികൃതരിൽ നിന്നും വിശദീകരണം ആരായുകയുമുണ്ടായി.

20. കേന്ദ്ര സർക്കാരിന്റെ മോഡൽ റൂൾസിന്റെ ചുവടുപിടിച്ചാണ് സംസ്ഥാന സർക്കാർ ചട്ടങ്ങൾ തയ്യാറാക്കിയതെന്നും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, സ്കൂളിലെ കുട്ടികളുടെ മാതാപിതാക്കൾ/രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവർ ഉൾപ്പെടുമെന്നും ആകെ അംഗങ്ങളുടെ 75%-വും മാതാപിതാക്കൾ/രക്ഷിതാക്കൾ ഉൾപ്പെടുന്ന കമ്മിറ്റിയുടെ പ്രധാന കർത്തവ്യങ്ങളിൽ സ്കൂളിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുക, സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുക, സർക്കാരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സ്കൂളിന് ലഭിക്കുന്ന ഗ്രാന്റ് ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിന് മേൽനോട്ടം വഹിക്കുക എന്നിവ ഉൾപ്പെടുമെന്നും അത് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അംഗങ്ങളാകുന്നതിലും ഗ്രാന്റ് വിനിയോഗിക്കുന്ന ചുമതല കമ്മിറ്റിയെ ഏൽപ്പിക്കുന്ന കാര്യത്തിലുമാണ് എയ്ഡഡ് മേഖലയിൽനിന്നും എതിർപ്പ്

ഉണ്ടായിട്ടുള്ളതെന്നും മാനേജർ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയിൽ ഒരു അംഗമല്ലാത്തതിനാൽ സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിലും പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിലും അവർക്ക് യാതൊരു പങ്കുമില്ലാത്ത അവസ്ഥ സംജാതമാകുമെന്നതാണ് പ്രതിഷേധത്തിന് കാരണമാകുന്നതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി കേരളത്തിലെ സ്കൂളുകളിൽ എസ്. എം. സി.-ക്ക് സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന പി.ടി.എ. (പേരന്റ് ടീച്ചർ അസോസിയേഷൻ) വളരെ മുമ്പേ തന്നെ നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്നുവെന്നും എന്നാൽ നിലവിൽ പല സ്ഥലങ്ങളിലും പി.ടി.എ.-യും എസ്.എം.സി.-യും തമ്മിൽ തർക്കമുണ്ടാവുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും സമിതിക്ക് ബോദ്ധ്യമായിട്ടുണ്ട്.

21. എയ്ഡഡ് മൈനോരിറ്റി സ്കൂളുകളെയും എയ്ഡഡ് സ്കൂളുകളെയും സംബന്ധിച്ച് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരണത്തിന്റെ കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നുവെന്നും സുപ്രീം കോടതിയിലും ഇത് സംബന്ധിച്ച് കേസ് വന്നിരുന്നുവെന്നും ആ സാഹചര്യത്തിൽ ഇത്തരം സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിക്ക് ഒരു അഡ്വൈസറി റോൾ മാത്രം മതിയെന്നത് സംബന്ധിച്ച് ഭേദഗതി കേന്ദ്ര സർക്കാർ 2012 ഏപ്രിലിൽ ആക്ടിൽ വരുത്തിയി ട്ടുണ്ടെന്നും സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിൽ നിന്നും ഇത്തരം സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ടെന്നും വകുപ്പുസെക്രട്ടറി സമിതിയെ ധരിപ്പിക്കുകയുണ്ടായി.

22. മേൽ സാഹചര്യത്തിൽ ചട്ടം 3(1)-ൽ ആക്ടിലെ 2(n)(ii) വകുപ്പു പ്രകാരമുള്ള എയ്ഡഡ് സ്കൂളുകളെയും 2(n)(iii) വകുപ്പു പ്രകാരമുള്ള സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകളെയും ഒഴിവാക്കിയിരിക്കുന്നത് തെറ്റാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ 2(n)(iv) വകുപ്പു പ്രകാരമുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണമെന്നും ചട്ടം 3(1)-ൽ അത്തരത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. ആക്ടിലെ 21(1) വകുപ്പുപ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾ, രക്ഷാകർത്താക്കൾ, അദ്ധ്യാപകർ എന്നിവർ ഉൾപ്പെടുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയാണ് രൂപീകരിക്കേണ്ടത്. ഇതിൽ ഉൾപ്പെടാത്ത "local educationalist","school leader" എന്നിവരെ യഥാക്രമം ചട്ടം 3(7)(c), 3(7)(d) പ്രകാരം എസ്.എം.സി.-യിലെ അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളത് ആക്ടിലെ 21 (1) വകുപ്പിന് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. ആക്ടിൽ കൃത്യമായി പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ വ്യാപ്തി ചട്ടങ്ങൾ മുഖേന മറികടക്കുന്നത് സമിതിക്ക് ന്യായീകരിക്കാനാവില്ല. ആയതിനാൽ, ചട്ടം 3(7)(c), 3(7)(d) എന്നിവ പ്രകാരം എസ്.എം.സി.-യിൽ "local educationalist", "school leader" എന്നിവരെ ഉൾപ്പെടുത്തിയിട്ടുള്ളത് ഒഴിവാക്കി ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെ ചുമതലകളാണ് ചട്ടം 3(15)-ൽ പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ, പ്രസ്തുത ചട്ടങ്ങളിൽ "The committee shall, in addition to the functions under clauses (a) to (d) of sub-section (2) of section 21, namely:—

(i) monitor the working of the school;

.......................... ..........................

.......................... ..........................

(iv) perform such other function as may be prescribed.

It shall also perform the following functions, namely:—"ഇങ്ങനെയാണ് പരാമർശിച്ചിരിക്കുന്നത്. ആക്ടിലെ 21(2) വകുപ്പിലെ (a) മുതൽ (d) വരെ പറഞ്ഞിട്ടുള്ളത് തന്നെയാണ് ചട്ടങ്ങളിലെ 3(15)ൽ (i) തൊട്ട് (iv) വരെ പറഞ്ഞിട്ടുള്ളത് എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ചട്ടം 3(15)-ലെ (i) മുതൽ (iv) വരെ ചേർത്തിട്ടുള്ളത് ആവശ്യമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അവ ആക്ടിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ ചട്ടത്തിൽ ആവർത്തിക്കേണ്ടതില്ല എന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകുകയും 21(2)(d)-യിൽ പറഞ്ഞിരിക്കുന്ന അധികചുമതലകൾ മാത്രം ചട്ടത്തിൽ ഉൾപ്പെടുത്തിയാൽ മതിയാകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു.

25. ആയതിനാൽ ചട്ടം 3(15) താഴെപ്പറയും പ്രകാരം തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

"The committee, in addition to the functions under clauses (a) to (c) of sub-section (2) of section 21, shall perform the following functions namely:—(a) communicate in simple ..........................................................................

..........................................................................................................................................

(o)...................................for the amounts received by the committee."

26. ചട്ടം 3(17)-ലെ "......................... clause (o) of sub-rule (16) .................." എന്നതിലെ "sub-rule (16)" എന്നത് തെറ്റായ പരാമർശമായതിനാൽ "...................... clause (o) of sub-rule (15) ....................... " എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. ചട്ടം 3(1) പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞുവെങ്കിലും അവ യോഗം ചേരുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ലെന്ന് സമിതി മനസിലാക്കുന്നു. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് ചട്ടം 3(11)-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള 'കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ്' നൽകുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് "ശിക്ഷാ കാ ഹഖ് അഭിയാൻ" എന്ന പേരിലുള്ള ഒരു കാമ്പയിൻ നടന്നു വരുന്നുണ്ടെന്നും

അതിന്റെ ഭാഗമായുള്ള പരിശീലന പരിപാടി നടന്നുവരികയാണെന്നും പൊതു വിദ്യാഭ്യാസ സെക്രട്ടറി മറുപടി നൽകിയിരുന്നു. എന്നാൽ ചട്ടം 3(15)(o) പ്രകാരമുള്ള വാർഷിക അക്കൗണ്ടുകൾ തയ്യാറാക്കാൻ തുടങ്ങിയിട്ടില്ല എന്നും ചട്ടം 3(15) പ്രകാരമുള്ള ചുമതലകൾ നിറവേറ്റാൻ തുടങ്ങിയിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു.

28. സ്കൂൾ ഡെവലപ്പ്മെന്റ് പ്ലാൻ (എസ്.ഡി.പി.) തയ്യാറാക്കൽ എസ്.എം.സി. കളുടെ പ്രധാന ഉത്തരവാദിത്തങ്ങളിൽ ഒന്നാണ്. ചട്ടം 4(1) അനുശാസിക്കുന്ന പ്രകാരം എസ്.ഡി.പി. തയ്യാറാക്കൽ തുടങ്ങിയിട്ടില്ല എന്നും നിലവിൽ എസ്.എസ്.എ. പ്രകാരമുള്ള പ്ലാൻ തന്നെയാണ് തയ്യാറാക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. എസ്.എം.സി. കളുടെ രൂപീകരണത്തിനുശേഷം രണ്ടു മാസത്തിനുള്ളിൽ അടുത്ത മൂന്നു വർഷത്തേക്കുള്ള സ്കൂൾ ഡെവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കണം എന്ന് ചട്ടം 4 അനുശാസിക്കുന്നു. സംസ്ഥാനത്ത് പുതിയ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ അതിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ സർക്കാർ വ്യാപൃതരാണെന്ന് സമിതി മനസ്സിലാക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ ഗ്രാന്റ് ലഭിക്കുന്നതിനുള്ള അടിസ്ഥാനം സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ ആണ് എന്ന് ആക്ടിലെ 22(2) വകുപ്പ് വ്യക്തമാക്കുന്നു. ചട്ടങ്ങൾ നിലവിൽ വന്നത് 2011 മേയ് മാസത്തിലാണെങ്കിലും 2013 ഏപ്രിൽ മാസത്തോടുകൂടി അത് പൂർണ്ണമായി നടപ്പാക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു. ആയതിനാൽ, എസ്.എം.സി. കൾ ചട്ടം 4 അനുശാസിക്കുന്ന തരത്തിലുള്ള സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കി ചട്ടം 4(4) പ്രകാരം അതത് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർമാർക്കും (AEO) തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സമർപ്പിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും എ.ഇ.ഒ.മാർ അവരവരുടെ അധികാരപരിധിക്കുള്ളിൽ വരുന്ന എസ്.എം.സി. രൂപീകരിച്ചിട്ടുള്ള സ്കൂളുകളിൽ പുതിയ നിയമം അനുസരിച്ച് സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

29. ചട്ടം (5) പ്രകാരം പ്രത്യേക പരിശീലനം ആവശ്യമായ കുട്ടികൾക്ക് ആയത് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല എസ്.എം.സി. കളിൽ നിക്ഷിപ്തമാവുകയാൽ, അത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനം എസ്.എം.സി.കൾ നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് അതത് അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർമാരിൽ നിക്ഷിപ്ത മാക്കികൊണ്ട് സർക്കാർ ഉത്തരവിറക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. കേരളത്തിന്റെ സാഹചര്യത്തിൽ ഇപ്പോൾതന്നെ എല്ലാ കുട്ടികളും പ്രാഥമിക വിദ്യാഭ്യാസം നേടുന്നുണ്ടെന്നും 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്നുണ്ടെന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഈ ക്ലാസ്സുകളിൽ പൊതുവേ ഉണ്ടാകാറില്ലെന്നും കേരളത്തിൽ അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ കാര്യത്തിലൊഴികെ മൾട്ടി ഗ്രേഡ് ലേണിംഗ് സിസ്റ്റവും ഏജ് അപ്രോപ്രിയേറ്റ് ലേണിംഗ് മെറ്റീരിയലും ആവശ്യമായി വരുന്നില്ലെന്നും അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യം ഒരു പ്രത്യേക വിഷയമായി സർക്കാർ പരിഗണിക്കുന്നതാണെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. സംസ്ഥാനത്ത് അന്യസംസ്ഥാനത്തൊഴിലാളികൾ

ധാരാളമായി കുടുംബത്തോടൊപ്പം കുടിയേറി വരുന്ന പ്രവണത കണ്ടുവരുന്നതിനാൽ അത്തരം കുടുംബങ്ങളിലെ കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ അവർ വസിക്കുന്ന പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചട്ടം 9(1) പ്രകാരം സൂക്ഷിക്കുന്ന റെക്കോർഡിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ അഞ്ചാം ക്ലാസ്സ് എൽ.പി. വിഭാഗത്തിലേക്കും എട്ടാം ക്ലാസ്സ് യു.പി. വിഭാഗത്തിലേക്കും കൊണ്ടുവരുന്നതിന് സംസ്ഥാനത്ത് പ്രായോഗികബുദ്ധിമുട്ടുകളേറെയാണ്. അഞ്ചാം ക്ലാസ്സ് ചേർക്കുന്ന എൽ.പി. സ്കൂളുകളിൽ പതിനായിരത്തോളം ക്ലാസ്സ് മുറികളും എട്ടാം ക്ലാസ്സ് ചേർക്കുന്ന യു.പി. സ്കൂളുകളിൽ ഏഴായിരത്തോളം ക്ലാസ്സ് മുറികളും പുതുതായി പണിയേണ്ടിവരുകയും ഹൈസ്കൂളുകളിൽ ഏകദേശം ഏഴായിരത്തോളം ക്ലാസ്സ് മുറികൾ ഒഴിഞ്ഞു കിടക്കുന്ന അവസ്ഥയും വന്നുചേരുമെന്ന് സമിതി മനസ്സിലാക്കുന്നു. ഘടനാപരമായ മാറ്റം അദ്ധ്യാപകരുടെ തരം താഴ്ത്തലിനും സ്ഥലംമാറ്റത്തിനും പുനർവിന്യാസത്തിനും കാരണമാകുവാനും സാദ്ധ്യതയുണ്ടെന്നും സമിതിക്ക് ബോദ്ധ്യമാകുന്നു. ആയതിനാൽ അദ്ധ്യാപകർക്കും കുട്ടികൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ നോഷണലായി ഘടനാമാറ്റം നടപ്പാക്കുന്ന കാര്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ചിട്ടുണ്ടെന്നും സംസ്ഥാനസർക്കാരിന്റെ തീരുമാനം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. അയൽപക്ക സ്കൂളുകൾ ഒരുമിച്ചാക്കികൊണ്ടുള്ള ഒരു ക്ലസ്റ്റർ പദ്ധതി സർക്കാർ പരിഗണിച്ചു വരുന്നുവെന്നും അതിൽ 1 മുതൽ 4 വരെ ക്ലാസ്സുകളുള്ള സ്കൂളുകളെ ഫീഡർ സ്കൂളുകളായും 5 മുതൽ 8 വരെ ക്ലാസ്സുകളുള്ള സ്കൂളുകളെ മദർ സ്കൂളുകളായും കണക്കാക്കി, ഫീഡർ സ്കൂളുകളും മദർ സ്കൂളുകളും ഉൾപ്പെട്ട സ്കൂളുകളെ ഒരുമിച്ച് ഒരു അയൽപക്ക സ്കൂളായും (Neighbourhood school) പരിഗണിക്കുന്നു വെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇത്തരത്തിൽ അയൽപക്ക വിദ്യാലയങ്ങൾ കണക്കിലെടുക്കുമ്പോഴും ആവശ്യത്തിന് എല്ലാ സ്ഥലത്തും സ്കൂളുകൾ ഉണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതുണ്ട്. ജനസാന്ദ്രത ഏറിയ പ്രദേശത്തും ഉൾപ്രദേശത്തും ഒരുപോലെ കുട്ടികൾക്ക് പഠനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ട ബാദ്ധ്യത സർക്കാരിനുണ്ടെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. സമിതിയുടെ മലപ്പുറത്തു വച്ച് നടന്ന തെളിവെടുപ്പ് വേളയിൽ ആയിരത്തിലധികം വീടുകളുള്ള മാറാക്കര പഞ്ചായത്തിൽ ആറു കിലോമീറ്റർ ചുറ്റളവിൽ വിദ്യാലയങ്ങളൊന്നുമില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതാണ്. അതുപോലുള്ള പിഴവുകൾ ആവർത്തിക്കില്ല എന്ന് സർക്കാർ ഉറപ്പുവരുത്തണമെന്നും സ്കൂൾ മാപ്പിംഗ് നടത്തി അന്തിമമായി സ്കൂളുകളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന വേളയിൽ ഇക്കാര്യം ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

32. ഓരോ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനവും തങ്ങളുടെ അധികാര പരിധിക്കുള്ളിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അയൽപക്ക സ്കൂളുകൾ ഉണ്ടെന്ന് ആക്ട് നിലവിൽ വന്ന് മൂന്ന് വർഷത്തിനകം ഉറപ്പാക്കേണ്ടതുണ്ട് എന്ന് ആക്ടിലെ 6-ാം വകുപ്പ് അനുശാസിക്കുന്നു. എന്നാൽ സംസ്ഥാന ചട്ടങ്ങൾ കേന്ദ്രമോഡൽ റൂളിന് സമാനമായാണ് തയ്യാറാക്കിയിരിക്കുന്നതെന്നും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാലാണ് ഒരു കിലോമീറ്ററിനകത്ത് എൽ.പി. സ്കൂളും മൂന്നു കിലോമീറ്ററിനകത്ത് യു.പി. സ്കൂളും ഉണ്ടായിരിക്കണമെന്ന് കേരള ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥയുടെ ആവശ്യകത സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശമുണ്ടായിട്ടുള്ള സാഹചര്യത്തിലും കേരളത്തിൽ മെച്ചപ്പെട്ട റോഡുകളും ഗതാഗത സൗകര്യങ്ങളും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായി ഉള്ളതിനാലും ആവശ്യത്തിന് ഗതാഗതസൗകര്യം ഏർപ്പെടുത്തി ദൂരപരിധി കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്ന ഹൈക്കോടതി പരാമർശം വളരെ യുക്തമാണെന്ന് സമിതിക്കും അനുകൂല അഭിപ്രായമുണ്ട്. ആയതിനാൽ, ചട്ടങ്ങൾ പൂർണ്ണമായും നടപ്പാക്കുന്നതിന് മുമ്പ് ദൂരപരിധി സംബന്ധിച്ച് സർക്കാർ തിരുമാനമെടുത്ത് ചട്ടം 6(1)-ന് ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. സമീപത്ത് സ്കൂളുകളില്ലാത്ത ചെറിയ ഗ്രാമങ്ങളിലെ കുട്ടികൾക്ക് മറ്റ് സ്കൂളുകളിൽ ചേർന്ന് വിദ്യാഭ്യാസം നേടുന്നതിനായി ആക്ട് പ്രകാരമുള്ള ദൂരപരിധിയിൽ ഇളവ് നൽകി സൗജന്യ ഗതാഗത സൗകര്യം, താമസസൗകര്യം എന്നിവ സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നൽകണമെന്ന് ചട്ടം 6(4)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥ സംസ്ഥാനത്ത് നടപ്പാക്കാനുള്ള നടപടിയെടുത്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് സമിതി തെളിവെടുപ്പു വേളയിൽ ആരാഞ്ഞിരുന്നു. അയൽപക്ക വിദ്യാലയങ്ങൾ സ്ഥാപിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ള പ്രദേശങ്ങളായി കേരളത്തിൽ ആദിവാസി ഗ്രാമങ്ങളെ മാത്രമേ കണ്ടെത്തിയിട്ടുള്ളൂവെന്നും സംസ്ഥാനത്ത് സാദ്ധ്യമായ സ്ഥലങ്ങളിലൊക്കെ റോഡുകൾ നിർമ്മിച്ചിട്ടുള്ളതിനാൽ റോഡ് നിർമ്മിക്കാൻ തീരെ സാദ്ധ്യതയില്ലാത്ത അത്തരം സ്ഥലങ്ങൾ മാത്രമാണ് ഒറ്റപ്പെട്ടുകിടക്കുന്നതെന്നും അവിടെയുള്ള കുട്ടികളെ രക്ഷിതാക്കൾ ട്രൈബൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലാണ് ചേർത്ത് പഠിപ്പിക്കുന്നതെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതി മുമ്പാകെ പറഞ്ഞിരുന്നു. എന്നാൽ ട്രൈബൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അഞ്ചാം ക്ലാസ്സ് മുതൽ മാത്രമേ ക്ലാസ്സുകളുള്ളൂ എന്നതിനാൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലെ വിദ്യാഭ്യാസം ബദൽ സ്കൂളുകൾ വഴിയാണ് നല്കുന്നതെന്നും വ്യക്തമാക്കിയിരുന്നു. ആയതിനാൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുമായോ അത്തരം ഗ്രാമങ്ങളുടെ സമീപം സ്ഥിതി ചെയ്യുന്ന റഗുലർ സ്കൂളുകളുമായോ ബന്ധപ്പെടുത്തി താമസസൗകര്യം ലഭ്യമാക്കിക്കൊണ്ട് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസം നൽകുന്നതിനു വേണ്ട നടപടി സർക്കാർ സ്വീകരിക്കണമെന്നും അത്തരത്തിലുള്ള സ്കൂളുകളെ കണ്ടെത്തി അടുത്ത അദ്ധ്യയന വർഷം മുതൽ വിദ്യാഭ്യാസം നൽകാനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

34. ചട്ടം 6(6) പ്രകാരം നിർദ്ദിഷ്ട ദൂരപരിധിക്കുള്ളിൽ സ്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനായി സ്കൂൾ മാപ്പിംഗ് നടത്തി അയൽപക്ക വിദ്യാലയങ്ങൾ കണ്ടെത്താനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്നും ഡി.പി.ഐ. യുടെ നിയന്ത്രണത്തിൽ നടക്കുന്ന ഈ പദ്ധതി അന്തിമഘട്ടത്തിലാണെന്നും സമിതി മനസ്സിലാക്കുന്നു. സ്കൂൾ മാപ്പിംഗ് പൂർണ്ണമാകുന്ന മുറയ്ക്ക് അയൽപക്ക സ്കൂളുകൾ സംബന്ധിച്ച വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി തദ്ദേശസ്വയംഭരണ

സ്ഥാപനം, എ.ഇ.ഒ. ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി ചട്ടം അനുശാസിക്കുന്ന പ്രകാരം സ്വീകരിക്കണമെന്നും ആയത് വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൂടി സർക്കാർ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

35. ശാരീരിക വൈകല്യംമൂലം സ്കൂളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്കായി ചട്ടം 6(7) അനുശാസിക്കുന്ന പ്രകാരം അവർക്ക് സൗകര്യപ്രദവും സുരക്ഷിതവുമായ രീതിയിലുള്ള ഗതാഗതസൗകര്യം സൗജന്യമായി ഒരുക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. ചട്ടം 6(8) പ്രകാരം കൂടുതൽ വൈകല്യങ്ങൾ ഉള്ള കുട്ടികൾക്കായി വീടുകളിൽ തന്നെ വിദ്യാഭ്യാസം നൽകേണ്ട ചുമതല സർക്കാരിലും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിക്ഷിപ്തമാക്കിക്കൊണ്ടുള്ള വ്യവസ്ഥയെക്കുറിച്ച് സമിതി വിശദമായി ചർച്ച ചെയ്തു. റഗുലർ സ്കൂളിൽ പോകാൻ കഴിയാത്ത മെന്റലി ചലഞ്ച്ഡ് ആയിട്ടുള്ള കുട്ടികളെയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും severe disability ഉണ്ടെങ്കിലും വിദ്യാഭ്യാസം വേണ്ടന്നു വയ്ക്കുന്ന വിഭാഗം സംസ്ഥാനത്ത് ഇല്ലെന്നും "mentally challenged" ആയ കുട്ടികളെ റഗുലർ സ്കൂളുകളിൽ അയയ്ക്കുന്നത് അവർക്ക് സമൂഹവുമായി ഇടപെഴകുന്നതിനും മറ്റ് കുട്ടികൾക്ക് ഇത്തരം കുട്ടികളുടെ അവസ്ഥ മനസ്സിലാക്കുന്നതിനും അവരോട് നല്ല മനോഭാവത്തോടുകൂടി പെരുമാറുന്നതിനും സഹായകരമാകുമെന്നും സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കിയിരുന്നു. ഇക്കാര്യത്തിൽ സമിതിക്കും ഇതേ അഭിപ്രായമാണുള്ളത്. Mentally challenged ആയിട്ടുള്ള കുട്ടികൾക്ക് അഭികാമ്യമായ രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നതിന് സംസ്ഥാന ചട്ടങ്ങൾ പ്രകാരം അയൽപക്ക വിദ്യാലയത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുമാണ് ചുമതലയുള്ളത്. ചട്ടങ്ങൾ പ്രകാരം 18 വയസ്സുവരെ ഇത്തരം കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിനു അർഹതയുണ്ടെന്നിരിക്കെ, അവർക്കുവേണ്ട യാത്രാ സൗകര്യം, താമസ സൗകര്യം, പ്രത്യേക പരിശീലനം തുടങ്ങി വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നതിനു വേണ്ടിയുള്ള ഫണ്ട് സ്കൂൾ വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ, ഓരോ വിദ്യാഭ്യാസ ഉപജില്ലയുടെയും ചുമതലയുള്ള ഓഫീസർ അവരുടെ അധികാരപരിധിക്കുള്ളിലുള്ള വിദ്യാലയങ്ങളുടെ കാര്യത്തിൽ സ്കൂൾ വികസന പദ്ധതിയിൽ ഇത് ഒരു അജണ്ടയായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം നിരീക്ഷിക്കുകയും അതത് തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ഇത്തരം കുട്ടികളുടെ ലിസ്റ്റ് സൂക്ഷിക്കുകയും ചെയ്യണമെന്ന് സർക്കാർ നിർദ്ദേശം നൽകേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. ചട്ടം 6(11) പ്രകാരം എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പ്രീ-പ്രൈമറി സെന്ററുകൾ ആരംഭിക്കുന്നതിനായി പ്രീ-പ്രൈമറി ക്ലാസ്സുകൾക്ക് ഏകീകൃത ശിശു സൗഹൃദ കരിക്കുലം (unified child-friendly curriculum) വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. നിലവിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ പി.ടി.എ.യുടെ നേതൃത്വത്തിലാണ് നടത്തുന്നതെന്നും ഡിവിഷൻ ഫോൾ ഉണ്ടാകുന്ന സ്കൂളുകളിൽ കുട്ടികളെ ലഭിക്കുന്നതിനുവേണ്ടിയാണ്

പി.ടി.എ. മുൻകൈ എടുത്ത് ഇപ്രകാരം പ്രീ-പ്രൈമറി ആരംഭിച്ചിട്ടുള്ളതെന്നും എന്നാൽ എല്ലാ സർക്കാർ/എയ്ഡഡ് എൽ.പി.സ്കൂളുകളിലും പ്രീ-പ്രൈമറി ആരംഭിച്ചിട്ടില്ലെന്നും വ്യക്തമാക്കിയതോടൊപ്പം പ്രാഥമിക വിദ്യാഭ്യാസം 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് എന്നതിനു പകരം 3 മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്ക് എന്ന രീതിയിൽ ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നുണ്ടെന്നും വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. എല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി ക്ലാസ്സ് ആരംഭിക്കുന്നതിന് വലിയൊരു തുക മുതൽമുടക്കേണ്ടി വരുമെന്നും അപ്രകാരം പ്രീ-പ്രൈമറി ആരംഭിച്ചതിനുശേഷമാണ് ആക്ട് ഭേദഗതി ചെയ്യുന്നതെങ്കിൽ അതിനു മുമ്പായി ചെലവഴിച്ച തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കില്ലെന്നതിനാലാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ വൈകുന്നതെന്നും സെക്രട്ടറി പറഞ്ഞിരുന്നു.

38. കേരളത്തിന്റെ സാഹചര്യത്തിൽ മൂന്നു വയസ്സു മുതൽ തന്നെ കുട്ടികളെ അംഗൻവാടികളിലോ പ്ലേസ്കൂളുകളിലോ കിന്റർ ഗാർട്ടനുകളിലോ ചേർക്കുന്ന പ്രവണതയുണ്ട്. എന്നാൽ പല സർക്കാർ സ്കൂളുകളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. അതും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അഡ്മിഷൻ തേടിയെത്തുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകാനുള്ള ഒരു കാരണമായി സമിതി കരുതുന്നു. ആയതിനാൽ, 100 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളുകളിൽ പ്രീ-പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുന്നതാവും ഉചിതമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാത്രമല്ല, അംഗൻവാടികളിലായാലും പ്രീ-പ്രൈമറി സ്കൂളുകളിലായാലും ഏകീകൃത കരിക്കുലം അനുസരിച്ച് വിദ്യാഭ്യാസം നൽകുന്നതാവും രണ്ടുതരം വിദ്യാലയങ്ങളും തമ്മിൽ വിവേചനമുണ്ടാകാതിരിക്കാൻ അഭികാമ്യമെന്നും സമിതി കരുതുന്നു. 1-ാം ക്ലാസ്സിലേക്കുള്ള മുന്നൊരുക്കങ്ങൾ നടത്തുന്ന രീതിയിലുള്ള കരിക്കുലമാണ് എസ്.സി.ഇ.ആർ.ടി. വിഭാവനം ചെയ്തിരിക്കുന്നതെന്നും അതോടൊപ്പം പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിനായുള്ള (പി.പി.റ്റി.റ്റി.സി.) കരിക്കുലവും വികസിപ്പിച്ചിട്ടുണ്ടന്നും ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിനുള്ള (ടി.ടി.സി.) കരിക്കുലം കാലോചിതമായി പരിഷ്കരിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. കേരളത്തിന്റെ അടിസ്ഥാനവിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ പരിഷ്ക്കരണങ്ങൾക്ക് കഴിയണമെങ്കിൽ പ്രീ-പ്രൈമറി രംഗത്ത് നിന്നു തന്നെ പരിഷ്ക്കരണ നടപടികൾ തുടങ്ങണമെന്നും അതിനാൽ തന്നെ പ്രീ-പ്രൈമറി വിദ്യാഭ്യാസം, അത് ഏത് തരം വിദ്യാലയത്തിലൂടെയായിരുന്നാലും, ഏകീകൃതവും ശിശുസൗഹൃദവുമായ രീതിയിലും നടപ്പാക്കണമെന്നും വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള പ്രീ-പ്രൈമറി സെന്ററുകളിലായാലും സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള അംഗനവാടികളിലായാലും വിവേചനം സൃഷ്ടിക്കുന്ന അവസരങ്ങൾക്ക് വഴിയൊരുക്കാത്ത രീതിയിൽ കുട്ടികൾക്ക് ഒരേ തരത്തിലുള്ള വിദ്യാഭ്യാസം നൽകണമെന്നും സമിതിക്ക് അഭിപ്രായമുണ്ട്.

39. പ്രീ-പ്രൈമറി സ്കൂളുകൾ, അംഗനവാടികൾ എന്നിവയിൽ പഠിക്കുന്ന കുട്ടികളുടെ കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ തയ്യാറാക്കുകയും ഒന്നാം ക്ലാസ്സിലേക്ക് ആ കുട്ടികൾ അഡ്മിഷൻ നേടുന്നു എന്നുറപ്പുവരുത്താനായി ആയതിന്റെ പകർപ്പ് ഡി.പി.ഐ.യ്ക്കും ലഭ്യമാക്കാൻ വേണ്ട നടപടി കൂടി സർക്കാർ കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

40. ചട്ടം 7 പ്രതിപാദിക്കുന്നത് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്തത്തെക്കുറിച്ചാണ്. സർക്കാരിന്റെ ശ്രദ്ധ വളരെയധികം പതിയേണ്ട ഒരു വിഷയമാണിത്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ നിലവാരം മറ്റു പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കുറവാണെന്ന ആക്ഷേപം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ച് 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾ ഏകദേശം മുഴുവനായും നിലവിൽ വിദ്യാഭ്യാസം നേടുന്നവരാണ്. ആയതിനാൽ തന്നെ അവർക്കു ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്ന കാര്യത്തിലായിരിക്കണം ഊന്നൽ നൽകേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്നു.

41. ചട്ടം7(1)(എ) പ്രകാരം എല്ലാ സ്കൂളുകളിലും ആക്ടിന്റെ ഷെഡ്യൂളിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സമിതി വിശദമായി ചർച്ച ചെയ്തിരുന്നു. 'ശിക്ഷാ കാ ഹഖ് അഭിയാൻ' എന്ന പ്രചരണപരിപാടിയുടെ ഭാഗമായി ഓരോ സ്കൂളിന്റെയും ഭൗതിക സൗകര്യങ്ങളെക്കുറിച്ച് പഠനം നടത്തുന്നുണ്ടെന്നും അതിലൂടെ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ തുക സ്കൂൾ ഡെവലപ്മെന്റ് പ്ലാൻ (സ്കൂൾ വികസന പദ്ധതി) തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തണമെന്നും അത് വികസനഫണ്ടായി നൽകാൻ ആണ് ഉദ്ദേശിക്കുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. കുടിവെള്ളവും ടോയ്‌ലെറ്റ് സംവിധാനവും എല്ലാ സ്കൂളുകളിലും ഉറപ്പാക്കാനുള്ള സർക്കാരിന്റെ നടപടിയെക്കുറിച്ച് സമിതി വിശദമായി വിലയിരുത്തുകയുണ്ടായി. സംസ്ഥാനത്ത് 50 എണ്ണത്തിൽ താഴെയുള്ള സ്കൂളുകളിൽ മാത്രമാണ് കുടിവെള്ളക്ഷാമവും ടോയ്‌ലെറ്റുകളുടെ കുറവും ഉള്ളതെന്നും അവയിൽ ഭൂരിഭാഗവും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയാണെന്നുമുള്ള പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെ മറുപടിയോടു യോജിക്കാൻ സമിതിക്ക് കഴിയില്ല. പല സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യങ്ങളില്ലെന്നും അതുമൂലം പലയിടത്തും കുട്ടികൾ ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും സമിതി തെളിവെടുപ്പുവേളകളിൽ മനസ്സിലാക്കിയിരുന്നു. ആയതിനാൽ, ആക്ടിന്റെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ-കെട്ടിടം, ടോയ്‌ലറ്റ്, കുടിവെള്ളം, ലൈബ്രറി, കമ്പ്യൂട്ടർ, സ്പോർട്ട്സ്, പഠന സംബന്ധമായ ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് ഓരോ സ്കൂളിനും ഇനിയും ലഭ്യമാക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് പഠനം നടത്തുകയും ആയത് സ്കൂൾ വികസന പദ്ധതി തയ്യാറാക്കുന്ന വേളയിൽ ഉൾപ്പെടുത്തണമെന്നും അത് ഓരോ വിദ്യാഭ്യാസ ഉപജില്ലയുടെയും ചുമതലയുള്ള ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

42. പദ്ധതി പ്രകാരം ആവശ്യമുള്ള തുക അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഉപ പദ്ധതിയിൽ ആവശ്യപ്പെടുന്ന രീതിയിലും ഭൗതിക സൗകര്യങ്ങളുടെ മുൻഗണനാക്രമമനുസരിച്ചും വികസന ഫണ്ട് സർക്കാർ ലഭ്യമാക്കുന്നുണ്ടെന്നും അത് യഥാവിധി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്താനുമുള്ള ചുമതല എ.ഇ.ഒ. മാരിലും അതിന്റെ പരിശോധന മുകൾത്തട്ടിലെ ഉദ്യോഗസ്ഥർ-യഥാക്രമം ഡി.ഇ.ഒ., ഡി.ഡി.ഇ., എന്നിവർ-നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്താനുമുള്ള നിർദ്ദേശം സർക്കാർ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. ചട്ടം 7(1) (ബി) പ്രകാരം നാഷണൽ കരിക്കുലത്തിന്റെ അടിസ്ഥാനത്തിലും മാതൃകയിലും പുതിയ സംസ്ഥാന കരിക്കുലം വികസിപ്പിക്കുന്നതിനായി ഒരു 'academic authority' യെ ചട്ടങ്ങൾ നിലവിൽ വന്ന് രണ്ട് മാസത്തിനകം വിജ്ഞാപനം ചെയ്യേണ്ട താണ്. എന്നാൽ ചട്ടങ്ങളിലെ 2(1)(ബി) പ്രകാരം SCERT-യെ 'academic authority' ആയി നിർവ്വചിക്കുകയും ചട്ടം 20 പ്രകാരം അതു എടുത്തു പറഞ്ഞിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ചട്ടം 7(1)(ബി) യിൽ പരാമർശിക്കുന്ന രീതിയിൽ 'academic authority'-യെ വിജ്ഞാപനംമൂലം നിശ്ചയിക്കണമെന്നുള്ളത് തെറ്റാണെന്ന് സമിതി കണ്ടെത്തി. ആയതിനാൽ, ചട്ടം 7(1)(ബി) താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

"(b) ensure that the academic authority develops framework of state curriculum based on the National curriculam and adopt the text books prepared under National Council for Educational Research and Training as far as possible;"

44. കരിക്കുലം ഫ്രെയിംവർക്കുണ്ടാക്കി പുസ്തകങ്ങൾ പരിഷ്ക്കരിച്ച അപൂർവ്വം സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്നത് സമിതി വിസ്മരിക്കുന്നില്ല. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യണമെന്ന് പുതിയ ആക്ടിൽ നിർദ്ദേശിക്കുന്നതിനു മുമ്പുതന്നെ സംസ്ഥാനത്ത് 1-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ സൗജന്യമായാണ് നൽകി വരുന്നത്. ഓരോ ക്ലാസ്സു കഴിയുമ്പോഴും കുട്ടികൾ ആർജ്ജിക്കേണ്ട കഴിവുകൾ കരിക്കുലം വികസിപ്പിക്കുന്ന വേളയിൽ തന്നെ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ അത്തരം കഴിവുകൾ കുട്ടികൾ നേടുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ ശക്തമായ സംവിധാനങ്ങളില്ല എന്ന് സമിതി മനസ്സിലാ ക്കുന്നു. ദേശീയതല മത്സരപ്പരീക്ഷകളിൽ കേരളത്തിലെ കുട്ടികൾക്ക് മികച്ച രീതിയി ലുള്ള പ്രകടനം കാഴ്ചവയ്ക്കാനാവാത്തത് എലിമെന്ററി വിദ്യാഭ്യാസത്തിന്റെ നിലവാര ത്തകർച്ചയാണെന്നുള്ള ആക്ഷേപം നിലനിൽക്കെ അത്തരം ആക്ഷേപങ്ങൾക്ക് കടിഞ്ഞാണിടാനും പഠന നിലവാരം ഉറപ്പുവരുത്താനും പൗരബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാനും കുട്ടികളുടെ പഠന നിലവാരം മോണിറ്റർ ചെയ്യുന്നതി നുള്ള ശക്തമായ സംവിധാനങ്ങൾ കൊണ്ട് കഴിയുമെന്ന് സമിതി വിശ്വസിക്കുന്നു. ചട്ടം 7 ഇത് സംബന്ധിച്ച ഗവൺമെന്റിന്റെ ഉത്തരവാദിത്തങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ചാണ്.

45. ആയതിനാൽ, ചട്ടം 7 അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി, ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്നതും ചട്ടങ്ങളിൽ പ്രതിപാദി ക്കുന്ന രീതിയിലുമുള്ള ഉന്നത നിലവാരം പുലർത്തുന്ന അടിസ്ഥാന വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാ ണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

46. ചട്ടം 7(1)(g) യിൽ പറഞ്ഞിരിക്കുന്ന പ്രകാരം അദ്ധ്യാപകരുടെ കർത്തവ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ടെന്ന് വിലയിരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനവും ചട്ടം 7(1)(i) പ്രകാരം സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം തുടർച്ചയായി പരിശോധിക്കാനുള്ള മോണിറ്ററിംഗ് സംവിധാനവും സർക്കാർ നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. ജില്ലാതലത്തിൽ അക്കാദമിക യോഗങ്ങൾ ചേരാറുണ്ടെന്നും അതിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ക്രോഡീകരിക്കുകയും പി.ടി.എ. പ്രസിഡന്റുമാരുടെ യോഗം വിളിച്ചു ചേർത്ത് അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുമാണ് വിദ്യാലയങ്ങളിൽ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതെന്നും സമിതിക്ക് തെളിവെടുപ്പുവേളയിൽ ബോധ്യപ്പെട്ടിരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി ഡയറ്റ് ഉദ്യോഗസ്ഥർ തയ്യാറാക്കിയ ഇവാല്യുവേഷൻ പ്രൊഫൈലിന്റെ പകർപ്പും സമിതിക്ക് ലഭിച്ചിരുന്നു. പഠനഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ സ്കൂൾതലത്തിൽത്തന്നെ തുടങ്ങുന്നതാണ് അഭികാമ്യമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. അതിനായി ചട്ടം 7 (1) (g), 7 (1) (i) എന്നിവയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾക്ക് പുറമേ പഠന ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും ഒരു Quality Assessment and Improvement Committee പി. ടി. എ.യുടെ കീഴിൽ രൂപീകരിക്കണമെന്നും DIET ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഇവാല്യുവേഷൻ പ്രൊഫൈലുകളുടെ അടിസ്ഥാനത്തിൽ പഠനനിലവാരം പരിശോധിച്ച് പിന്നോക്കാവസ്ഥ ബോധ്യപ്പെടുന്ന പക്ഷം അവയ്ക്ക് പ്രതിവിധി കണ്ടെത്തുകയും നടപ്പാക്കുകയും ചെയ്യുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അത്തരം കമ്മിറ്റികൾ രൂപീകരിക്കുന്നുണ്ടെന്നും അവയുടെ പ്രവർത്തനങ്ങൾ മാസത്തിലൊരിക്കൽ ചേരുന്ന യോഗങ്ങളിൽ A.E.O. യുടെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നുണ്ടെന്ന രീതിയിൽ ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. 6 മാസത്തിലൊരിക്കലെങ്കിലും ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ D.E.O. നേരിട്ട് തന്നെ നിരീക്ഷിക്കുന്നതാവും ഫലപ്രദമെന്നും സമിതി അഭിപ്രായപ്പെടുന്നു.

48. ചട്ടം 7(2) പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റുകളിലെയും ബ്ലോക്ക് റിസോഴ്സ് സെന്ററുകളിലെയും അക്കാദമിക പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും അപാകതകൾ ഉള്ളിടങ്ങളിൽ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുകയും അതിനായി നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

49. ചട്ടം 7-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള വിദ്യാർത്ഥികളുടെ നിലവാരം വിലയിരുത്തുന്നതിനും അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ പരിശോധിച്ചും അപാകതകൾ ഉള്ളിടങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾക്കു രൂപം നൽകി അടുത്ത അദ്ധ്യായന വർഷം മുതൽക്കുതന്നെ നടപ്പാക്കിതുടങ്ങണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

50. ചട്ടം 7(2) പ്രകാരം ഇത്തരത്തിലുള്ള സംവിധാനങ്ങൾ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ഡി.പി.ഐ.ക്കും എസ്.സി.ഇ.ആർ.റ്റി. ഡയറക്ടർക്കും യഥാസമയം ലഭിക്കുന്നുണ്ടെന്നും പരിഹാര നടപടികൾ കൈക്കൊള്ളുന്നുണ്ടെന്നും ഉറപ്പുവരുത്തുവാനുമായി ഡി.പി.ഐ.യുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം കൂടി ഏർപ്പടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ആക്ട് നടപ്പാക്കുന്ന പ്രധാന വകുപ്പിന്റെ

ഡയറക്ടറേറ്റ് എന്ന നിലയ്ക്കു ഡി.പി.ഐ.യിലെയും കരിക്കുലം തയ്യാറാക്കുന്ന അതോറിറ്റി എന്ന നിലയ്ക്ക് എസ്.സി.ഇ.ആർ.റ്റി.യിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനം എന്ന നിലയിൽ അതിന്റെ രൂപീകരണവും പ്രവർത്തനവും വൈകിക്കൂടാ എന്നും അടുത്ത അദ്ധ്യയനവർഷം മുതൽക്കുതന്നെ അത്തരം സംവിധാനം നിലവിൽ വരണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

51. ചട്ടം 8 (1) പ്രകാരം ആക്ടിലെ 2 (n) (i), 2 (n) (ii), 2 (n) (iii), 2 (n) (iv) പ്രകാരമുള്ള സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ സൗജന്യ വിദ്യാഭ്യാസത്തിന് അർഹരാണ്; പ്രത്യേകിച്ച് സൗജന്യമായി പാഠപുസ്തകങ്ങൾ, എഴുത്ത് സാമഗ്രികൾ, യൂണിഫോം, ഗതാഗത-താമസസൗകര്യങ്ങൾ എന്നിവ ലഭിക്കുന്നതിന് അർഹരാണ്. ആക്ടിൽ ഇപ്രകാരം നാല് തരം സ്കൂളുകളെ മാത്രമേ നിർവ്വചിച്ചിട്ടുള്ളൂ. അപ്രകാരം ഏത് തരം സ്കൂളിൽ പഠിക്കുന്ന കുട്ടിക്കും മേൽപ്പറഞ്ഞവ സൗജന്യമായി ലഭിക്കുമെങ്കിൽ "A child attending a school referred to in sub-clause (i) and (ii) of clause (n) of section 2 and a child attending a school referred to in sub-clauses (iii) and (iv) of clause (n) of section 2 shall be entitled to ...... residential facilities" എന്ന് പറഞ്ഞിരിക്കുന്നത് ഉചിതമാണോ എന്നും അങ്ങനെയാണെങ്കിൽ ഓരോ തരം സ്കൂളിനെയും പ്രത്യേകം പരാമർശിക്കാതെ പൊതുവായി "a child attending any school of clause (n) of section 2" എന്ന് പറഞ്ഞാൽ പോരേയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് കേന്ദ്രചട്ടങ്ങളിൽ അങ്ങനെ പറഞ്ഞിട്ടുള്ളതിനാലാണ് സംസ്ഥാന ചട്ടങ്ങളിലും അങ്ങനെ ഉൾപ്പെടുത്തിയതെന്ന നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ മറുപടിയോട് സമിതി വിയോജിച്ചു. കൂടാതെ ചട്ടം 8 (1)ന്റെ പ്രൊവൈസോയുടെ വിശദീകരണത്തിലും അങ്ങനെയെങ്കിൽ അപാകതയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ഓരോ സ്കൂളിലും ചേർക്കുന്ന കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ എടുത്ത് പറഞ്ഞത് സംസ്ഥാനചട്ടങ്ങളിൽ വിട്ടുപോയതാണെന്നും ആയതിനാലാണ് ആശയക്കുഴപ്പം ഉണ്ടായതെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. കേന്ദ്രചട്ടങ്ങളിൽ ആക്ടിലെ 2 (n) (ii) പ്രകാരമുള്ള എയ്ഡഡ് സ്കൂളിൽ ആക്ടിന്റെ 12 (1)(b) വകുപ്പ് പ്രകാരം അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്കും ആക്ടിലെ 2 (n)(iii), 2 (n)(iv) പ്രകാരം യഥാക്രമം സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, അൺ-എയ്ഡഡ് സ്കൂളുകൾ എന്നിവയിൽ ആക്ടിലെ 12 (1)(c) വകുപ്പ് പ്രകാരം അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്കുമാണ് സൗജന്യ വിദ്യാഭ്യാസത്തിന് അർഹതയുള്ളത് എന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളത് സംസ്ഥാന ചട്ടങ്ങളിൽ ചേർക്കാതെ വന്നതാണ് ആശയക്കുഴപ്പത്തിന് കാരണമായതെന്ന് കണ്ടെത്തിയ സമിതി കേന്ദ്ര ചട്ടങ്ങളിലേതുപോലെ സംസ്ഥാന ചട്ടങ്ങളിലും പരാമർശിക്കണമെന്ന് അഭിപ്രായപ്പെടുന്നു. കൂടാതെ, എല്ലാ കുട്ടികൾക്കും ഗതാഗത-താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആക്ടിലും കേന്ദ്രചട്ടങ്ങളിലും അങ്ങനെ പ്രതിപാദിച്ചിട്ടുമില്ല. ആയതിനാൽ ചട്ടം 8(1)ന്റെ വിശദീകരണത്തിനു മുമ്പുള്ള ഖണ്ഡിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

"A child attending a school referred to in sub-clause (i) and (ii) of clause (n) of section 2 and a child attending a school referred to in sub-clauses

(iii) and (iv) of clause (n) of section 2 in accordance with clause (c) of sub-section (1) of section 12 shall be entitled to free education and in particular to free text books, writing materials, uniforms":

52. ചട്ടം 8 (4) (a) പ്രകാരം കുട്ടികൾക്ക് വൈകാരികമായും മനഃശാസ്ത്രപരമായും കൗൺസിലിംഗ് നടത്തുന്നതിനായി ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപടികൾ പുതുതായി കൈക്കൊണ്ടിട്ടില്ല എന്ന് സമിതി കണ്ടെത്തി. എന്നാൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ആത്മവിശ്വാസം വളർത്തുവാനുതകുന്ന തരത്തിൽ 'ഹെൽപ്പ് ഡെസ്ക്' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സമിതിക്ക് തെളിവെടുപ്പുവേളയിൽ ബോധ്യപ്പെട്ടു. എല്ലാ സ്കൂളുകളിലും കൗൺസിലിംഗ് ആവശ്യമായ കുട്ടികളെ കണ്ടെത്താൻ സ്കൂൾ തലത്തിൽത്തന്നെ അദ്ധ്യാപകരുടെ പാനൽ തയ്യാറാക്കണമെന്നും ജില്ലാടിസ്ഥാനത്തിൽ കൗൺസിലിംഗിനുവേണ്ട വിദഗ്ദ്ധരുടെ പാനൽ ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഉണ്ടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

53. ചട്ടം 8 (4) (d) പ്രകാരം NCERT കരിക്കുലം അനുസരിച്ചുള്ള പാഠപുസ്തകങ്ങളാണ് ഇംഗ്ലീഷ് മാധ്യമമായുള്ള സ്കൂളുകളിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കേണ്ടത്. എന്നാൽ മലയാളം മാധ്യമത്തിൽ സ്റ്റേറ്റ് കരിക്കുലം അനുസരിച്ചുള്ള പാഠപുസ്തകങ്ങളാണ് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത്. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠനമാധ്യമം മാറുമ്പോൾ രണ്ടുതരം രീതിയിലുള്ള പാഠപുസ്തകങ്ങളാണ് എന്നത് വിവേചനമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, 1 മുതൽ 4 വരെയുള്ള ഇംഗ്ലീഷ് മാധ്യമമായുള്ള ക്ലാസ്സുകളിൽ SCERT യുടെ പാഠപുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കി അവ ഉപയോഗിക്കണമെന്നും ചട്ടം 8 (4)(d) അതിനനുസൃതമായി ഭേദഗതി ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

54. ചട്ടം 8(7)-ൽ എ. ഇ. ഒ. ഓഫീസുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർമാർക്ക് പരിശോധനാസംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാരും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും സംവിധാനം ഒരുക്കേണ്ടതുണ്ട് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് പരിശോധിച്ച സമിതി അത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല എന്ന് വിലയിരുത്തുകയുണ്ടായി. ശക്തമായ പരിശോധനാ സംവിധാനത്തിലൂടെ മാത്രമേ വിദ്യാഭ്യാസമേഖലയിൽ ഉദ്ദേശിക്കുന്ന നിലവാരം കൈവരിക്കാനാവൂ എന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആയതിനാൽ, The Kerala Education Rules, 1959-ന്റെ 15-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന സ്കൂളുകളിലെ പരിശോധനാ സംവിധാനങ്ങൾക്ക് പുതിയ നിയമത്തിന്റെ പിൻബലത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

55. ആക്ടിലെ 12 (1) (c) വകുപ്പ് പ്രകാരം 2 (n) (iv)-ൽ പറഞ്ഞിട്ടുള്ള സ്കൂളുകൾ 1-ാം ക്ലാസ്സിലേക്ക് പ്രവേശനം നൽകുമ്പോൾ ക്ലാസ്സിലെ മൊത്തം അംഗസംഖ്യയുടെ 25% 'weaker section', 'disadvantaged group' എന്നീ വിഭാഗങ്ങളിലെ കുട്ടികളെ പ്രവേശിപ്പിക്കേണ്ടതാണെന്നും ആയതിലേക്ക് ആക്ടിലെ 12 (2) വകുപ്പ് പ്രകാരം സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ആളോഹരി ചെലവ് അല്ലെങ്കിൽ പ്രസ്തുത

വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന തുക അതിലേതാണോ കുറവ് പ്രസ്തുത തുക സ്കൂളുകൾക്ക് സർക്കാർ റീ-ഇംപേഴ്സ് ചെയ്തു നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥിതിക്ക് ചട്ടം 10 (5)-ന്റെ 2-ാമത്തെ പ്രൊവൈസോയിൽ 2 (n) (iv)-ൽ പറഞ്ഞിട്ടുള്ള സ്കൂളുകളിൽ സർക്കാർ സ്കൂളിലോ എയ്ഡഡ് സ്കൂളിലോ എൻറോൾ ചെയ്യാത്ത കുട്ടികൾക്ക് പ്രവേശനം നൽകുന്നപക്ഷം പ്രസ്തുത സ്കൂളുകൾക്ക് 12 (2)(c) വകുപ്പ് പ്രകാരമുള്ള റീ-ഇംപേഴ്സ്മെന്റിന് അർഹരായിരിക്കില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ആക്ടിനു വിരുദ്ധമല്ലേ എന്ന് സമിതി ആരാഞ്ഞിരുന്നു. ആയതിന്, കുട്ടിയുടെ വീടിന് സമീപം സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഉണ്ടായിട്ടും അൺഎയ്ഡഡ് സ്കൂളിൽ ചേർന്ന കുട്ടിയുടെ കാര്യത്തിൽ റീ-ഇംപേഴ്സ്മെന്റിന് അർഹതയില്ല എന്നാണ് പ്രസ്തുത വ്യവസ്ഥകൊണ്ട് ഉദ്ദേശിച്ചതെന്നും എന്നാൽ ആ അർത്ഥം വരുത്തുവാൻ തക്കവണ്ണം ചേർക്കേണ്ടതായ "in the neighbourhood" എന്ന വാക്കുകൾ "Government or aided school" എന്ന വാക്കുകൾക്കുശേഷം ചേർക്കാൻ വിട്ടുപോയതാണ് ആ വ്യവസ്ഥയിൽ വന്ന തെറ്റെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ആയതിനാൽ, ചട്ടം 10 (5)–ന്റെ 2–ാമത് പ്രൊവൈസോയിൽ "Government or aided school" എന്ന വാക്കുകൾക്കുശേഷം "in the neighbourhood" എന്ന വാക്കുകൾകൂടി ചേർത്ത് ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. ചട്ടം 10(6) പ്രകാരം എല്ലാ സ്കൂളുകളിലും കുട്ടികളുടെ യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ (UIN), ബയോമെട്രിക് ഐഡന്റിഫിക്കേഷൻ ഡീറ്റെയിൽസ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കണമെന്നുണ്ട്. എന്നാൽ, അത്തരത്തിലുള്ള രജിസ്റ്റർ എല്ലാ സ്കൂളുകളിലും സൂക്ഷിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടേയുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. UIN പ്രകാരമുള്ള വിവരങ്ങൾ സ്കൂളുകളിൽ സൂക്ഷിക്കുന്നത് സ്കൂളിന്റെ അയൽപ്രദേശങ്ങളിലെ കുട്ടികൾ ഏതെങ്കിലും സ്കൂളിൽ എൻറോൾ ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും, കൊഴിഞ്ഞുപോക്ക് തടയുന്നതിനും, സ്കൂളിലെ തലയെണ്ണൽ തടയുന്നതിനും ഉപകരിക്കുമെന്നുള്ളതുകൊണ്ട് ചട്ടം 10(6) പ്രകാരമുള്ള രജിസ്റ്റർ ഓരോ സ്കൂളും അടുത്ത അദ്ധ്യയനവർഷം മുതൽ നിർബന്ധമായും സൂക്ഷിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇക്കാര്യം അതത് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർ സ്കൂളുകളുടെ പരിശോധനാവേളയിൽ ഉറപ്പുവരുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

57. ചട്ടം 10(3) പ്രകാരം അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മൂന്ന് മാസം മുമ്പായി ആക്ടിലെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളും നിലവാരവും പുലർത്തുന്ന തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട അംഗീകൃത സ്കൂളുകളുടെ പട്ടിക വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരസ്യപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. ചട്ടം 11(2)-ന് മറ്റ് പിരിവുകൾ ഇല്ലാത്തതിനാൽ ചട്ടം '11(2)(a)' എന്നത് '11(2)' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

59. 11(2)(a) അനുശാസിക്കുന്ന പ്രകാരം ധനകാര്യ വകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ഡി.പി.ഐ., എസ്.എസ്.എ. ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി

രൂപീകരിച്ചിട്ടില്ല എന്നത് സമിതിക്ക് ബോദ്ധ്യപ്പെട്ടു. നടപ്പ് അദ്ധ്യയനവർഷത്തേയും വരുംവർഷത്തെയും ആളോഹരി ചെലവ് കണക്കാക്കുന്നതിനായുള്ള അത്തരം കമ്മിറ്റിയുടെ രൂപീകരണത്തെക്കുറിച്ച് സമിതി വിശദമായി ചർച്ച ചെയ്തിരുന്നു. സമീപത്ത് സ്കൂൾ ഇല്ലാതിരിക്കുകയോ സർക്കാർ സ്കൂൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാതിരിക്കുകയോ ചെയ്യുമ്പോൾ കുട്ടികൾ പ്രൈവറ്റ് സ്കൂളുകളിൽ ചേരുന്ന സാഹചര്യത്തിൽ മാത്രമേ ആളോഹരി ചെലവ് കണക്കാക്കേണ്ട ആവശ്യം വരുന്നുള്ളൂവെന്നും നമ്മുടെ സംസ്ഥാനത്ത് അത്തരം സാഹചര്യം നിലവില്ലെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ചട്ടം 11(2)(a) പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യമുണ്ടോയെന്ന് പരിശോധിച്ച് ആയത് ആവശ്യമില്ലാത്തതാണെങ്കിൽ ചട്ടം 11(2)(a), 11(3) എന്നിവ നീക്കം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

60. ചട്ടം 12-ലെ “the Births, Deaths and Marriage Registration Act, 1886” എന്നത് “the Births, Deaths and Marriages Registration Act, 1886 ”എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

61. ചട്ടം 14(4) പ്രകാരം ഡി.ഡി.ഇ. ചെയർമാനും, വിദ്യാഭ്യാസ റവന്യൂ ജില്ലയിലെ ഡി.ഇ.ഒ.മാർ, എ.ഇ.ഒ.മാർ എന്നിവർ അംഗങ്ങളുമായ ഡിസ്ട്രിക്ട് ലെവൽ സ്കൂൾ റിക്കഗ്നിഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ എന്നത് സമിതി പരിശോധിക്കുകയുണ്ടായി. സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ട സംസ്ഥാനതല മാനദണ്ഡങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരിക്കുകയാണെന്നും അവയ്ക്ക് അംഗീകാരം ലഭിച്ച് സംസ്ഥാനതല മാനദണ്ഡങ്ങൾ നിലവിൽ വരുന്നമുറയ്ക്ക് ഡി.ഇ.ഒ.മാരുടെ നിർദ്ദേശപ്രകാരം സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്ന രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിനാൽ ജില്ലാതലത്തിൽ സ്കൂളുകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നില്ലെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. അങ്ങനെയെങ്കിൽ ചട്ടം 14(4)-ന്റെ ആവശ്യകതയില്ലെന്ന് സമിതി കരുതുന്നു. ചട്ടം 14(4) ന്റെ ആവശ്യകത ഉണ്ടോയെന്ന് പരിശോധിക്കണമെന്നും ആയതിന്റെ ആവശ്യമില്ലെങ്കിൽ ചട്ടം 14(4)-നീക്കം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

62. ആക്ടിലെ 31-ാം വകുപ്പിലെ (എ) മുതൽ (സി) വരെയുള്ളതും 32-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരവുമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് “State Commission for Protection of Child Rights” രൂപീകരിക്കണമെന്ന് ചട്ടം 23(1) അനുശാസിക്കുന്നു. അത്തരത്തിൽ സംസ്ഥാന കമ്മീഷൻ രൂപീകരിച്ചിട്ടില്ലെങ്കിൽ ചട്ടം 23(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്നപ്രകാരം “Right to Education Protection Authority” എന്ന അതോറിറ്റി രൂപീകരിക്കേണ്ടതാണ്. ഇത്തരത്തിൽ സംസ്ഥാന കമ്മീഷനോ, അതോറിറ്റിയോ രൂപീകരിച്ചിട്ടില്ല എന്നും കുട്ടികളുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും സമിതിയുടെ തെളിവെടുപ്പുവേളയിൽ ബോദ്ധ്യപ്പെട്ടു. “State Commission for Protection of Child Rights” അടുത്ത രണ്ട് മാസത്തിനുള്ളിൽ തന്നെ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

63. ചട്ടം 25(3)(e)(i)-ൽ ചേർത്തിട്ടുള്ള "Secretary, General Education and Literacy" എന്നതിലെ "and literacy" എന്ന വാക്കുകൾ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

64. ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന ഫാറം നമ്പർ II-ലും III A-യിലും സ്ഥലം, തീയതി എന്നിവ കൂടി ചേർക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

65. ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന ഫാറം നമ്പർ III-ന്റെ പാർട്ട് IX-ന്റെ 5-ാമത് കോളത്തിൽ ചേർത്തിട്ടുള്ള "Name of address of the parent" എന്നത് "Name and address of the parent" എന്ന് തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

66. ചട്ടത്തിന്റെ അനുബന്ധമായ ഫാറം II, ഫാറം III A എന്നിവയിലെ "sub:—" എന്ന ഭാഗത്ത് "Right of Children to Free and Compulsory Education Rules, 2011" എന്ന വാക്കുകൾക്കു മുമ്പിലായി "The Kerala" എന്ന് ചേർക്കണമെന്നും ഫോറം നമ്പർ II-ന്റെ ഒന്നാമത്തെ ഉപാധിയിൽ ചേർത്തിട്ടുള്ള "Right of Children to Free and Compulsory Education Rules, 2011"-ന്റെ പേരിനു മുമ്പിലും "The Kerala" എന്ന വാക്കുകൾ ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

67. പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള ഉത്തര വാദിത്തം പോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ അവകാശ നിയമപ്രകാരം നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. വീടുകൾ തോറും സർവ്വേ നടത്തി 14 വയസ്സുവരെ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും (ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കാര്യത്തിൽ 18 വയസ്സുവരെ) ലിസ്റ്റ്/റെക്കോർഡ് തയ്യാറാക്കി സൂക്ഷിക്കുക, എല്ലാ കുട്ടികൾക്കും യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ (UIN) നൽകി വിദ്യാലയ പ്രവേശനം, ഹാജർ, പഠനനിലവാരം, പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങൾ മോണിറ്റർ ചെയ്യുക, ലിസ്റ്റ്/റെക്കോർഡ് പ്രകാരമുള്ള ഓരോ കുട്ടിയെ സംബന്ധിച്ചും ചട്ടം 9(4) അനുശാസിക്കുന്ന പ്രകാരമുള്ള വിവരങ്ങൾ സൂക്ഷിക്കുക, പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ അവ യഥാസമയം പുതുക്കിക്കൊണ്ടി രിക്കുക, അംഗനവാടികൾ, പ്രീ-പ്രൈമറി സ്കൂളുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഓരോ കുട്ടിക്കും ഹെൽത്ത് കാർഡ് തയ്യാറാക്കി സൂക്ഷിക്കുകയും അതിൽ കുട്ടിക്കാവശ്യമായ വൈദ്യസഹായം, ശുശ്രൂഷ തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുക തുടങ്ങിയ കർത്തവ്യങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. സ്കൂളുകളിൽ പ്രവേശിക്ക പ്പെടുന്ന കുട്ടികളുടെ പേരുകൾ അനുയോജ്യമായ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുന്ന ചുമതലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

68. എന്നാൽ സമിതിയുടെ മലപ്പുറത്തു നടന്ന തെളിവെടുപ്പുവേളയിൽ വിദ്യാഭ്യാസ അവകാശ നിയമം, ചട്ടങ്ങൾ എന്നിവയെക്കുറിച്ച് തികഞ്ഞ അജ്ഞതയാണ് ജില്ലാ അധികൃതർ പ്രകടിപ്പിച്ചത്. ആയതിനുള്ള കാരണം വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം എന്നീ സ്ഥാപനങ്ങളുടെ ഏകോപനമില്ലായ്മയാണ് എന്ന് സമിതി കരുതുന്നു. പ്രാഥമിക വിദ്യാഭ്യാസം എന്നത് പൊതു വിദ്യാഭ്യാസ വകുപ്പാണ് കൈകാര്യം ചെയ്യുന്നതെങ്കിലും

6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികളും സ്കൂളിൽ ചേരുന്നു എന്നും അവരുടെ 8-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം പൂർത്തീകരിക്കുന്നു എന്നും ഉറപ്പുവരുത്തേണ്ട ചുമതല അതത് പ്രാദേശിക ഗവൺമെന്റുകൾക്കാണ്. ആയതിനാൽ, ഓരോ വിദ്യാഭ്യാസ ജില്ലയുടെയും ഓഫീസർ, വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരുന്ന വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർമാർ, തദ്ദേശസ്വയംഭരണാധികാരികൾ എന്നിവരുൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുകയും മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ വിലയിരുത്തുകയും ചെയ്യേണ്ടതാണെന്നും അതിന്റെ റിപ്പോർട്ടുകൾ യഥാസമയം വിദ്യാഭ്യാസ വകുപ്പിലെ ഉന്നതാധികാരികൾക്ക് നൽകണമെന്നും നിഷ്കർഷിച്ച് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്നും ആയത് ബന്ധപ്പെട്ട ഡി.ഡി.ഇ. മാർ സമാഹരിച്ച് അർദ്ധ വാർഷിക റിപ്പോർട്ട് ഡി.പി.ഐ.യ്ക്ക് കൈമാറണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

69. മാത്രമല്ല, വിദ്യാഭ്യാസ അവകാശ നിയമത്തിലും ബന്ധപ്പെട്ട ചട്ടങ്ങളിലും തദ്ദേശസ്വയംഭരണ വകുപ്പ് അനുവർത്തിക്കേണ്ട പ്രവർത്തികളെ സംബന്ധിച്ച് വകുപ്പു തലത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നു.

70. വിദ്യാഭ്യാസ അവകാശ നിയമത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ വകുപ്പിനും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതായ നിരവധി മേഖലകളുണ്ട്. The Kerala Education Act, 1958-ന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള The Kerala Education Rules, 1959-ന്റെ അടിസ്ഥാനത്തിലാണ് നാളിതുവരെ രണ്ടു വകുപ്പുകളുടെയും വിദ്യാഭ്യാസ മേഖലയിലുള്ള പ്രവർത്തനങ്ങൾ നടന്നുവന്നിരുന്നത്. ആയതിനാൽ, പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ The Kerala Education Rules, 1959-ൽ കാതലായ പല മാറ്റങ്ങളും വരുത്തേണ്ടതുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ അതിനനുസൃതമായ മാറ്റങ്ങൾ The Kerala Education Rules, 1959-ൽ, ചട്ടങ്ങളിൽ, ഒരു നിശ്ചിത കാലപരിധിക്കുള്ളിൽ വരുത്തേണ്ടതാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു.

71. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന കുട്ടികളും പഠിക്കുന്ന സർക്കാർ/ എയ്ഡഡ് മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസരംഗത്ത് ഉന്നത നിലവാരം കൈവരിക്കുക എന്നതാണ് സർക്കാർ നേരിടുന്ന പ്രധാന വെല്ലുവിളി. ഇതിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും കുട്ടികൾ സ്കൂളിൽ ചേരുന്നതിലും സർക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ചുമതല മാറ്റിനിർത്തിയാൽ കുട്ടികൾക്ക് ആക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ വിദ്യാഭ്യാസം നൽകുന്നു എന്നതിലും ഓരോ ക്ലാസ്സിലും ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിദ്യാർത്ഥികൾ കൈവരിക്കുന്ന കാര്യത്തിലും അദ്ധ്യാപകർക്കാണ് മുഖ്യപങ്കുള്ളത്. ആയതിനാൽ, ചട്ടം 7(1) (g), 7(1)(h) എന്നിവ അനുശാസിക്കുന്ന രീതിയിൽ അദ്ധ്യാപകർ അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നു എന്നത് അവലോകന സംവിധാനത്തിലൂടെ ഉറപ്പുവരുത്തേണ്ടതും അവരുടെ പിഴവുകൾ കണ്ടെത്തുകയാണെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ പരിശീലന പരിപാടികൾ നടപ്പാക്കേണ്ടതുമാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു.

72. ഇന്ത്യയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവരുടെ കൂട്ടത്തിലും ശാസ്ത്രം, സാഹിത്യം, വൈദ്യശാസ്ത്രം തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുമായ മലയാളികൾ അനവധിയുണ്ട്. ഈ പ്രതിഭകളിലേറെയും നമ്മുടെ സർക്കാർ/എയ്ഡഡ് മേഖലകളിലെ സ്കൂളുകളിൽ നിന്നും അടിസ്ഥാനവിദ്യാഭ്യാസം നേടിയവരാണ് എന്ന് അഭിമാനത്തോടെ പറയാൻ നമുക്കു കഴിയും; അവരുടെ നേട്ടത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് അദ്ധ്യാപകരാണെന്നതും വിസ്മരിക്കാവുന്നതല്ല. എന്നാൽ ഇന്ന് ഈ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസരംഗത്തുണ്ടായ നിലവാരത്തകർച്ചയാണ് അൺഎയ്ഡഡ് മേഖലയിൽ ക്രമാതീതമായ രീതിയിൽ സ്കൂളുകൾ വളരാൻ കാരണമായത്. സർക്കാർ/എയ്ഡഡ് മേഖലയിൽ വിദ്യാഭ്യാസ നിലവാരം പുനഃസ്ഥാപിക്കാൻ അർപ്പണമനോഭാവത്തോടെയും കർത്തവ്യബോധത്തോടെയുമുള്ള അദ്ധ്യാപകരുടെ പ്രവർത്തികൾക്ക് തീർച്ചയായും കഴിയും. അതോടൊപ്പം സമാധാനപരമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസമേഖലയെ അവരുടെതന്നെ ഭാവി കരുപിടിപ്പിക്കുന്ന പ്രസ്ഥാനമായി കരുതാൻ വിദ്യാർത്ഥികളും വിദ്യാർത്ഥികൾക്കാവശ്യമായ ഭൗതിക-അദ്ധ്യാപന സൗകര്യങ്ങൾ ഒരുക്കി ഭരണാധികാരികളും പ്രവർത്തിച്ചാൽ വിദ്യാഭ്യാസരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാനും അതുവഴി അസൂയാവഹമായ രീതിയിൽ ഉന്നതനിലവാരം പുലർത്തുന്ന മാനവവിഭവശേഷി വികസിപ്പിച്ചെടുക്കാനും കേരള സംസ്ഥാനത്തിന് കഴിയും എന്ന് സമിതി പ്രത്യാശിക്കുന്നു. ഉന്നതനിലവാരം ഉറപ്പുവരുത്തുന്ന അടിസ്ഥാനവിദ്യാഭ്യാസം സാർവത്രികമാക്കുക എന്ന ലക്ഷ്യം പുതിയ വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെ കൈവരിക്കാൻ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തകർക്കും സർക്കാരിനും കഴിയട്ടെ എന്നും സമിതി പ്രത്യാശിക്കുന്നു.

**എം. ഉമ്മർ,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2013, ഫെബ്രുവരി 14.

## അനുബന്ധം

2009-ലെ "The Right of Children to Free and Compulsory Education Act"-ൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ സംബന്ധിച്ച് കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ തെളിവെടുപ്പ് വേളകളിൽ ഹാജരായി തെളിവ് നൽകിയ ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും നൽകിയ പൊതുജനങ്ങളുടെയും സംഘടനകളുടെയും പേരുവിവരം:

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. ആർ. മധുസൂദനൻ നായർ, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. എസ്. സുരേഷ് ചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. എം. സി. മോഹൻദാസ്, ജില്ലാ കളക്ടർ, മലപ്പുറം
6. ശ്രീ. ഇബ്രാഹിംകുട്ടി, പി. കെ., ഡി.പി.ഒ., എസ്.എസ്.എ., മലപ്പുറം
7. ശ്രീ. കെ. സി. ഗോപി, ഡി.ഡി.ഇ., മലപ്പുറം
8. ശ്രീ. പി. ശിവദാസൻ, സീനിയർ ലക്ചറർ, ഡയറ്റ്, മലപ്പുറം
9. ശ്രീ. സി. എൻ. ബാബു, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
10. ശ്രീ. മോനുദീൻ, കെ. കെ., ഡി.ഇ.ഒ., വണ്ടൂർ
11. ശ്രീ. പി. സഫീർ, ഡി.ഇ.ഒ., മലപ്പുറം
12. ശ്രീമതി വി. പി. സുലഭ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ
13. ശ്രീ. എം. അബ്ദുൾ ഖാദർ, ഡി.പി.ഒ., ഐ.സി.ഡി.എസ്., മലപ്പുറം
14. ശ്രീ. കെ. സുബ്രഹ്മണ്യം, ഡിസ്ട്രിക്ട് സോഷ്യൽ ജസ്റ്റിസ് ഓഫീസർ.

നിവേദനങ്ങൾ സമർപ്പിച്ചവർ :

1. ഉറുദു പി.ജി. ഹോൾഡേഴ്സ് അസോസിയേഷൻ
2. കേരള ഉറുദു ടീച്ചേഴ്സ് അസോസിയേഷൻ
3. ശ്രീ. അബ്ദുൾ ജലീൽ, പി.റ്റി.എ. പ്രസിഡന്റ്, ശ്രീ. എ. മുഹമ്മദ്, പി.റ്റി.എ. പ്രതിനിധി, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, ഒലവട്ടൂർ
4. ശ്രീ. പാലൊളി അബ്ദുറഹ്മാൻ, വളാഞ്ചേരി
5. ശ്രീ. കെ. എം. റഹ്മത്തുള്ള, സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ

6. ശ്രീ. മുഹമ്മദ് ബഷീർ, പി. റ്റി. എ. പ്രസിഡന്റ്, ജി.എം.എൽ.പി.എസ്., മേലുമുറി
7. ശ്രീ. എൻ. പി. മുഹമ്മദ്, എസ്.എം.സി. ചെയർമാൻ, കാരക്കുന്ന് ഗവ. ഹയർ സെക്കന്ററി സ്കൂൾ
8. ശ്രീ. കെ. എം. ഷാഫി, ജനറൽ സെക്രട്ടറി, എം.എസ്.എഫ്. സംസ്ഥാന കമ്മിറ്റി
9. ശ്രീ. പരിയാരത്ത് രാംകുമാർ, എക്സ് നേവി
10. ശ്രീ. എം. ഷാജിർ തിരൂർ, ആലത്തിയൂർ കുഞ്ഞിമോൻ ഹാജി മെമ്മോറിയൽ എച്ച്.എസ്.
11. ശ്രീ. വിജയൻ പുത്തില്ലൻ, പി.റ്റി.എ. പ്രസിഡന്റ്, ഗവ. എൽ.പി.എസ്., അരുകിഴായ
12. ശ്രീ. എം. കെ. അബ്ദുറഹിമാൻ, പി. റ്റി. എ. പ്രസിഡന്റ്, ജി.എം.എൽ.പി.എസ്., ആനക്കയം
13. ശ്രീ. ഉമ്മർ അറയ്ക്കൽ, ജില്ലാ കോ-ഓർഡിനേറ്റർ, വിജയഭേരി വിദ്യാഭ്യാസ പദ്ധതി
14. വിവിധ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ
15. ശ്രീ. പി. അബ്ദുൽ റഫൂഖ്, പി.റ്റി.എ. പ്രസിഡന്റ്, ഗവ. യു.പി.എസ്., കൂട്ടിലങ്ങാടി
16. ശ്രീ. ബൈജു, പ്രൈമറി ടീച്ചർ, എ.എം.എം.എച്ച്.എസ്., പുളിക്കൽ.
17. ശ്രീ. അബൂബക്കർ, പ്രസിഡന്റ്, മലപ്പുറം ജില്ലാ എൽ. പി. എസ്. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ
18. ശ്രീ. എം. മുസ്തഫ മാസ്റ്റർ, സെക്രട്ടറി, എസ്.വൈ.എസ്. ജില്ലാ കമ്മിറ്റി
19. ശ്രീ. നാസർ എടരിക്കോട്, ജനറൽ സെക്രട്ടറി, കേരള പ്രൈവറ്റ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ
20. ശ്രീ. കെ. പി. ശ്രീധരൻ, കൊമ്പ്രകുത്ത്
21. ശ്രീ. പി. സൈതലവി, ജില്ലാ സെക്രട്ടറി, കേരള പ്രൈവറ്റ് പ്രൈമറി ഹെഡ് മാസ്റ്റേഴ്സ് അസോസിയേഷൻ
22. ശ്രീമതി രാധാദേവി, ശ്രീ വത്സം, പട്ടം.